മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *181

## ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

(*181) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തിക്കൊണ്ടിരിക്കുന്ന വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം വർഷം തോറും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൂടുതൽ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ടൂറിസം, തൊഴിലധിഷ്ഠിത മേഖലയാക്കുന്നതിനും കുടുംബശ്രീ വഴി ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും എന്ത് നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ): സർ,

(എ) കഴിഞ്ഞ 5 വർഷത്തെ (2011-2015) കാലയളവിലെ കണക്കുകൾ പരിശോധിച്ചാൽ വിദേശ ടൂറിസ്റ്റുകളുടേയും ആഭ്യന്തര ടൂറിസ്റ്റുകളുടേയും എണ്ണത്തിൽ കുറവുള്ളതായി കാണുന്നില്ല. എന്നാൽ ഈ വർഷങ്ങളിലെ ടൂറിസ്റ്റുകളുടെ വളർച്ചാനിരക്കിൽ നേരിയ കുറവ് വന്നിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളുടെ കാര്യത്തിൽ 2014-ലെ 7.4 ശതമാനം എന്ന വളർച്ചാ നിരക്ക് 2015-ൽ 6.59 ശതമാനമായി കുറഞ്ഞപ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്ക് 2014-ൽ 7.71 ശതമാനമായിരുന്നത് 2015-ൽ 6.53 ശതമാനമായി കുറഞ്ഞു. പുതിയ ഉത്പന്നങ്ങളുടെ കണ്ടെത്തലിലൂടെയും ശക്തമായ വിപണന പ്രചാരണ തന്ത്രങ്ങളിലൂടെയും കൂടുതൽ വിദേശ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അടുത്ത അഞ്ച് വർഷംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 100 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50 ശതമാനവും വളർച്ചയാണ് ലക്ഷ്യമിടുന്നത്.

(ബി) കേരളത്തിൽ ടൂറിസം ഒരു തൊഴിലധിഷ്ഠിത മേഖലയാണ്. GIFT-ന്റെ 2015-ലെ ടൂറിസം സാറ്റ്ലൈറ്റ് അക്കൗണ്ട് എന്ന പഠന റിപ്പോർട്ട് പ്രകാരം കേരളത്തിൽ ടൂറിസം മേഖലയിൽ ഏകദേശം 25 ലക്ഷം പേർ നേരിട്ട് തൊഴിൽ

ചെയ്യുന്നുണ്ട്. കേരളത്തിലെ ആകെ തൊഴിലുകളിൽ 11.49 ശതമാനം വിനോദസഞ്ചാരത്തിന്റെ നേരിട്ടുള്ള സംഭാവനയാണ്.

ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ ടൂറിസം വിസനത്തിൽ പ്രധാന പങ്ക് നിർവ്വഹിക്കുന്നുണ്ട്. ഈ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഗവൺമെന്റ് പ്രതീക്ഷിക്കുന്ന വളർച്ച കൈവരിക്കണമെങ്കിൽ നമ്മുടെ പ്രകൃതിയുമായി ബന്ധപ്പെട്ട സാധ്യതകളുടെ കാഴ്ചവിസ്മയ കേന്ദ്രങ്ങളിലേക്ക് ടൂറിസത്തെ വളർത്തിയെടുക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിലെ ചടയമംഗലം ജഡായു ടൂറിസം ഇന്ത്യയിലെതന്നെ ടൂറിസം ഡെസ്റ്റിനേഷനിൽ പ്രധാനപ്പെട്ട ഒരു ഭാഗമാകാൻ പോകുകയാണ്. അതിന്റെ ഉദ്ഘാടനം ഈ വർഷം അവസാനമോ അടുത്ത വർഷം ആദ്യമോ നടത്താൻ പറ്റും. ചൈനയിൽ ഇപ്പോൾ സോൺ ടൂറിസം എന്ന് പറയുന്ന ഒരു പദ്ധതി രൂപപ്പെടുന്നുണ്ട്. അതായത്, ഒരു കാഴ്ച മാത്രമല്ല, അതുപോലുള്ള അനേകം കാഴ്ചകൾ കാണാനുള്ള ടൂറിസം സോൺ രൂപപ്പെടുത്താൻ.... അങ്ങനെയുള്ള ഒരു മേഖലയാണ് കൊല്ലം ജില്ലയുടെ കിഴക്കൻ മേഖല. ജഡായു ടൂറിസം, കുടുക്കത്തുപാറ ടൂറിസം, മാറ്റിഡാംപാറ ടൂറിസം തുടങ്ങിയവയെല്ലാം ചേർത്ത് ഒരു

ടൂറിസം സോണായി വളർത്തിയെടുത്ത് ആ കാഴ്ച വിസ്മയം കാണാൻ പറ്റിയ തരത്തിൽ അതിന്റെ പ്രചാരണ സംഘടനാ പരിപാടികളെല്ലാം ആവിഷ്കരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ ജഡായുപാറ ടൂറിസം പദ്ധതി ഏറ്റവും ആകർഷകമായും പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിലും ഡെവലപ് ചെയ്തിട്ടുള്ള ഒരു മേഖലയാണ്. തീർച്ചയായും അതിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാർ നടത്തും. ഈ മേഖലയുമായി ബന്ധപ്പെട്ട സാധ്യതകളെ സംബന്ധിച്ച് പഠിച്ച് ആവശ്യമായ നിലപാടുകൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ മണ്ഡലത്തിലെതന്നെ ചെറുതെങ്കിലും മനോഹരമായ ഒരു കേന്ദ്രമാണ് മീൻമൂട്ടി എന്ന് പേരുള്ള സ്ഥലത്തെ ഇരുന്നൂട്ടി. ഇരുന്നൂട്ടി എന്ന് പേര് വന്നത്, അവിടെ നിലനിന്ന അയിത്തംപോലുള്ള ഒരുതരം രീതികളുടെ ഭാഗമായി ശ്രീനാരായണ ഗുരു അവിടെ വന്ന് ഏറ്റവും താഴെത്തട്ടിലുള്ളവർ മുതൽ ഏറ്റവും മുകൾത്തട്ടിലുള്ളവരെ ഇരുന്ന് ഊട്ടിയതുകൊണ്ടാണ്. കേരളത്തിൽ ഇത്തരം ഒരുപാട്

സ്പോട്ടുകളുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അതൊക്കെ നമുക്ക് ഹൈലൈറ്റ് ചെയ്യാൻ കഴിയണം. അവിടെ സ്വാഭാവികമായും നൂറുകണക്കിന് ആളുകൾ വരുന്നുണ്ട്. തിരുവനന്തപുരത്ത് നിന്നും 41 കിലോമീറ്റർ മാത്രം അകലെയാണത്. ഇത്തരം സാധ്യതകളെ ഉപയോഗിക്കുന്നതിന് പഠനം നടത്താനും അത് കൃത്യമായും ഒരു എക്കോട്ടൂറിസം മേഖലയാണ്.

Mr. Speaker: Yes......... come to the question.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങേക്കുംകൂടി ഉപകാരപ്രദമാണിത്. അതിന്റെ പ്രകൃതിപരമായ പ്രത്യേകതകൾ നിലനിർത്തിക്കൊണ്ട് ലോക നിലവാരത്തിലേക്ക് ഹൈലൈറ്റ് ചെയ്തുകൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒരുപാട് സാധ്യതകൾ വ്യത്യസ്ത മേഖലകളിൽ ഇനിയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സർക്കാർ ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. ഈ വർഷത്തെ മാന്ദ്യവിരുദ്ധ പാക്കേജിന്റേയും മറ്റും ഭാഗമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ബഡ്ജറ്റിൽ ടൂറിസവുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച നിരവധി പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ആ

പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, വിദേശ ടൂറിസ്റ്റുകളെ ഏറ്റവും അധികം ബുദ്ധിമുട്ടിക്കുന്നത് നമ്മുടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അവർ നമ്മളെക്കാളും ആരോഗ്യം ശ്രദ്ധിക്കുന്നവരായതുകൊണ്ട് നമ്മുടെ ടൂറിസം മേഖലകളിൽ വലിയ തോതിലുള്ള പരിസര മലിനീകരണമുള്ളത് അവരെ ബുദ്ധിമുട്ടിക്കുകയാണ്. നമ്മുടെ രാജ്യത്ത്, സിംലയിൽ പൊതുസ്ഥലത്ത് തുപ്പിയാൽ നൂറ് രൂപ ഫൈനാണ്. അത്ര കർക്കശമായ നിലപാട് അവിടുത്തെ ലോക്കൽ ബോഡികൾ/കോർപ്പറേഷൻ എടുക്കുന്നുണ്ട്. അതുപോലെ കേരളത്തിലും ചില മേഖലകളിൽ പ്ലാസ്റ്റിക് ഉൾപ്പെടെ നിരോധിക്കുന്ന ഒരു സമീപനം എടുത്തുകൊണ്ട് വിദേശ ടൂറിസ്റ്റുകൾക്ക് ഇന്നുള്ള നിരുത്സാഹം ഒഴിവാക്കിയെടുക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ ടൂറിസം മേഖല നേരിടുന്നതും സംസ്ഥാനം നേരിടുന്നതുമായ ഗൗരവമായ പ്രശ്നമാണ് മാലിന്യത്തിന്റേത്. പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര

വിജയകരമായിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഈ കാര്യങ്ങളിൽ ആലോചന നടത്തുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ, നമ്മുടെ ടൂറിസം ഡെസ്റ്റിനേഷനുകളിൽ വിദേശികളും രാജ്യത്തിന് അകത്തുള്ള ടൂറിസ്റ്റുകളും വരുമ്പോൾ വൃത്തിയുള്ള പരിസരം ഒരുക്കിക്കൊടുക്കാൻ നമുക്കെല്ലാവർക്കും ബാധ്യതയുണ്ട്. അതിന് ആവശ്യമായ നടപടികൾക്ക് ടൂറിസം വകുപ്പും സർക്കാരും നേതൃത്വം നൽകും.

Mr. Speaker : Shri R. Ramachandran..., not in the seat.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, നമ്മുടെ കേരളത്തിൽ വിദ്യാഭ്യാസമുള്ള തൊഴിലില്ലാത്ത ധാരാളം യുവാക്കളുണ്ട്. വിവിധ രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുന്ന വിദേശ ടൂറിസ്റ്റുകൾക്കനുസരിച്ച് ലാംഗ്വേജ് ട്രെയിനിംഗും മറ്റ് ആവശ്യമായ സ്കില്ലും കൊടുത്തുകഴിഞ്ഞാൽ അവരെ ടൂറിസത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയും. അതുപോലെതന്നെ ഓൺലൈൻവഴി പുറംലോകവുമായി കേരളത്തിലെ ടൂറിസത്തിന്റെ സാധ്യതകളെ പരസ്യപ്പെടുത്തുവാനും ഒരു പബ്ലിക് റിലേഷനായി പ്രവർത്തിക്കുവാനും അവർക്ക് കഴിയും. അങ്ങനെ തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരായ യുവാക്കളെ ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള

എന്തെങ്കിലും പ്രോഗ്രാം ആവിഷ്കരിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇപ്പോൾതന്നെ ടൂറിസം വകുപ്പിലെ കിറ്റ്സ് ഇത്തരം മേഖലയിൽ ചെറുപ്പക്കാർക്ക് പരിശീലനം നൽകുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ഭാഷാ പഠനത്തിന്റെ കാര്യംകൂടി അദ്ധ്യയന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിൽ വ്യത്യസ്ത കോഴ്സുകളും കിറ്റ്സിനെപോലുള്ള സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്താനും കിറ്റ്സിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള ആലോചനയിലാണ് ഇപ്പോൾ സർക്കാർ. തീർച്ചയായും ഈ നിർദ്ദേശം സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ഓരോരോ ദിവസവും കൂടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ കൺഡക്ടഡ് ടൂർ ഓപ്പറേറ്റേഴ്സ് ഇല്ലാത്തതിനാൽ ആഭ്യന്തര ടൂറിസ്റ്റുകൾക്ക് ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അവരുടെ അക്കോമഡേഷനുമായും ട്രാൻസ്പോർട്ടേഷനുമായും ബന്ധപ്പെട്ട് നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതേ രീതിയിൽ കൺഡക്ടഡ് ടൂർ ഓപ്പറേറ്റേഴ്സിനെ പ്രൊമോട്ട് ചെയ്യാൻ ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ടൂറിസ്റ്റുകൾക്ക് യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത തുടർന്നുകൊണ്ടിരിക്കുകയാണ്. അവരുടെ അക്കോമഡേഷൻ സംബന്ധിച്ചും പ്രശ്നങ്ങളുണ്ട്. സ്വാഭാവികമായും ഗോവയിൽ എത്തുന്ന ഒരാൾക്ക് കേരളത്തിലേക്ക് എത്താൻ എയർ കണക്റ്റിവിറ്റി ഇല്ലായെന്നത് ഉൾപ്പെടെയുള്ള നിരവധി വിഷയങ്ങളുണ്ട്. ട്രെയിനിന്റെ കാര്യത്തിലും ആവശ്യമായ സൗകര്യം ഇല്ലാത്തത് മറ്റൊരു പ്രശ്നമാണ്. ആ കാര്യങ്ങളൊക്കെ ഗൗരവപൂർവ്വം പരിഹരിക്കേണ്ടതാണ്. വിമാന കമ്പനികളുമായി ഇതുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വരുന്ന ട്രെയിനുകളിൽ ടൂറിസ്റ്റുകൾക്ക് എത്താൻ കഴിയുന്ന പ്രത്യേക കോച്ചുകൾ ഘടിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ റെയിൽവേയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തികൊണ്ടിരിക്കുകയാണ്. അവരുടെ അക്കോമഡേഷൻ ചെലവേറിയതാണെന്ന രീതിയിൽ ആക്ഷേപങ്ങൾ വരുന്നുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റിന്റെ ഭാഗമായി ടാക്സിൽ കുറവ് വരുത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഹോട്ടലുകളുമായി ചർച്ച നടത്തി അതിനനുസരിച്ചുള്ള കുറവുകൾ ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, കേരളത്തിലെതന്നെ ഏറ്റവും നല്ല ഒരു

ടൂറിസ്റ്റ് കേന്ദ്രമായ കക്കയം പല കാരണങ്ങൾകൊണ്ട് പ്രസിദ്ധമാണ്. പ്രകൃതിരമണീയമായ കേരളത്തിലെ ഏറ്റവും മനോഹരമായ വെള്ളച്ചാട്ടം ഉൾപ്പെടെയുള്ള ഒരു സ്ഥലമാണ് അത്. ബാലുശ്ശേരി ഉൾപ്പെടെയുള്ള ഏഴ് പഞ്ചായത്തുകളെ ഉൾപ്പെടുത്തി ടൂറിസം കോറിഡോറിനുള്ള ഒരു പ്രോജക്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെ സംബന്ധിച്ച് വിശദമായി അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. അത് പ്രയോഗത്തിൽ വരുത്താൻ ബഹുമാനപ്പെട്ട മന്ത്രി കാര്യമായി ശ്രമിക്കുമോ; കേരളത്തിന് ഏറ്റവും വലിയ വരുമാനമുള്ള...... കെ.എസ്.ഇ.ബോർഡിന്റെ വക ഒരു ബോട്ടിംഗ് അവിടെ ആരംഭിച്ചിട്ട് ആളുകളുടെ വലിയ പ്രളയമാണ്. അതുകൊണ്ട് ആ പ്രോജക്ട് നടപ്പിൽ വരുത്തുന്നതിന് അങ്ങ് ശ്രദ്ധിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, കേരളത്തിലെ മനോഹരമായ പ്രദേശങ്ങളിൽ ഒന്നാണ് ശ്രീ. പുരുഷൻ കടലുണ്ടി പറഞ്ഞ ഈ പ്രദേശം. അദ്ദേഹം സമർപ്പിച്ച ഒരു പ്രോജക്ട് സർക്കാരിന്റെ കൈവശമുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന് അനുഭാവപൂർവ്വമായ പരിഗണനയുണ്ടാകുന്നതാണ്.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ടൂറിസം മേഖലയിൽ ഏറ്റവും കൂടുതൽ

വിനിയോഗിക്കപ്പെടാൻ കഴിയുന്ന പ്രകൃതിരമണീയമായ കാഴ്ചകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. എന്റെ നിയോജക മണ്ഡലത്തിലെ കോന്നി ആനക്കൂട്, അടവി, ഗവി തുടങ്ങിയ സ്ഥലങ്ങളിലേക്ക് എക്കോട്ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ചില പദ്ധതികൾ നടക്കുന്നുണ്ട്. കേരളത്തിലെ ആദ്യത്തെ കുട്ടവഞ്ചി സഞ്ചാരം ആരംഭിച്ചത് കോന്നിയിലെ അടവിയിലാണ്. ആയിരക്കണക്കിന് ആളുകളാണ് ഓരോ ദിവസവും അവിടെ എത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം പ്രദേശങ്ങളെ പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയെന്നുള്ള നിലയിൽ അങ്ങ് പ്രത്യേക താൽപ്പര്യമെടുത്തുകൊണ്ട് അവിടെ മറ്റ് വികസന പ്രവർത്തനങ്ങൾകൂടി നടക്കത്തക്കതരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, വാഗമണിനേയും ഗവിയേയും ഉൾപ്പെടുത്തി 99 കോടി രൂപയുടെ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിക്ക് അനുമതി കിട്ടിയിട്ടുണ്ട്. ആ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. അതിനോടൊപ്പം സംസ്ഥാന പദ്ധതികളിൽ ചിലതും നടക്കുന്നുണ്ട്. വളരെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒന്നായി ആ പ്രദേശത്തെ

വികസിപ്പിക്കുവാൻ സാധ്യതയുള്ളതാണ്. ഈ കാര്യം ഗവൺമെന്റ് പരിശോധിക്കും.

<u>ശ്രീ. ബി. സത്യൻ</u> : സർ, തദ്ദേശ ടൂറിസം പ്രോത്സാഹിപ്പിക്കാൻ 1988 കാലയളവിൽ ബഹുമാന്യനായ ശ്രീ. പി. എസ്. ശ്രീനിവാസൻ ടൂറിസം വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ആരംഭിച്ചതാണ് ഡി.റ്റി.പി.സികൾ (ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ). വലിയ സാധ്യതയുണ്ടായിരുന്ന ഈ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ഇന്നിപ്പോൾ വലിയ തകർച്ചയുടെ വക്കിലാണ്. തിരുവനന്തപുരം ജില്ലയിൽ ടൂറിസത്തിന് വലിയ സാധ്യതയുള്ളതാണ്. വർക്കല, ശംഖുമുഖം, വേളി, നെയ്യാർ ഡാം ഒക്കെയായി വരുന്ന വലിയൊരു ടൂറിസ സമുച്ചയം തന്നെ ജില്ലയിൽ ഉണ്ട്. എന്നാൽ ഇന്നിത് ആകെ തകർന്നിക്കുകയാണ്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ കളക്ടർമാരെ ഏൽപ്പിക്കുകയും അവർ അവിടെ ഒരു പ്രധാന താവളമായി മാറ്റുകയും ചെയ്തു. ടൂറിസവുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകൾ ചുമതലയേറ്റ് പൂർണ്ണമായും അതിനെ തകർത്തിരിക്കുകയാണ്. ടൂറിസം പ്രോജക്ടുകൾ കൊടുക്കുക എന്ന ജോലി മാത്രം ടൂറിസം ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുക എന്നത് മാറി, ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഈ ജില്ലാ

ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്താനും നില മെച്ചപ്പെടുത്താനുംവേണ്ടി ശ്രമിക്കുമോ; അതിനുള്ള തീരുമാനം എടുക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, മിക്കവാറും ഡി.റ്റി.പി.സികളെ സംബന്ധിച്ച് അതിന്റെ കാര്യക്ഷമതയെ സംബന്ധിച്ച് ആക്ഷേപങ്ങളുണ്ട്. ഡി.റ്റി.പി.സി.കളുടെ സെക്രട്ടറിമാരായി വരുന്ന ആളുകൾ പ്രൊഫഷണലുകൾ അല്ല എന്നുള്ളതും അതുപോലെ തന്നെ ഡെപ്യൂട്ടേഷനിൽ വരുന്ന ചിലർക്കുള്ള താവളമായി ഇത് മാറുന്നു എന്നുള്ളതും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അങ്ങനെയാണ് എന്നുള്ള അർത്ഥത്തിലല്ല ഞാനിത് പറയുന്നത്. ജില്ലാ കളക്ടർമാരുടെ ജോലി ഭാരത്തിന്റെ ഭാഗമായി ഇതിന്റെ ചെയർമാൻ എന്നുള്ള ചുമതല കൂടി നിർവ്വഹിക്കാൻ കഴിയാത്തതിന്റെ ഭാരിച്ച ഉത്തരവാദിത്വത്തിന്റെ പ്രശ്നം ഉണ്ട്. അതിനാൽ ഡി.റ്റി.പി.സി.കളുടെ പുനഃസംഘടനയെക്കുറിച്ച് നല്ലപോലെ ആലോചിച്ച്, ഗൗരവപൂർവ്വം ചർച്ച ചെയ്ത് ഘടനാപരമായ ചില മാറ്റങ്ങൾ വരുത്തണം എന്ന കാര്യം സർക്കാർ പരിശോധിച്ച് കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u> : സർ, പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രസാദ് (പിൽഗ്രിമേജ് റിജുവിനേഷൻ

ആന്റ് സ്പിരിച്ച്വൽ ആഗ്മെന്റേഷൻ ഡ്രൈവ്), സ്വദേശ് ദർശൻ (തീം ബെയ്സിഡ് ടൂറിസ്റ്റ് സർക്യൂട്ടുകൾ) തുടങ്ങിയ രണ്ട് പദ്ധതികളുടെ കീഴിൽ നമ്മുടെ നാട്ടിലെ ടൂറിസം ഡവലപ്പ് ചെയ്യാൻ വേണ്ടിയിട്ട് കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുണ്ട്. ഉദാഹരണത്തിന് ഇപ്പോൾ എന്റെ മണ്ഡലത്തിലെ അങ്കമാലിയിൽപ്പെട്ട രണ്ട് ഇന്റർനാഷണൽ തീർത്ഥാടനകേന്ദ്രങ്ങളാണ് കാലടിയും മലയാറ്റൂരും. അതുപോലെ ആതിരപ്പള്ളിയുമായി ബന്ധപ്പെടുത്തികൊണ്ട് ടൂറിസം സർക്യൂട്ടുകൾ ഡവലപ്പ് ചെയ്തെടുക്കുവാൻ അത്തരം സാധ്യതകൾ നിലവിൽ ഉണ്ടോ; അതിന് എന്താണ് ചെയ്യുന്നത്?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, ആതിരപ്പള്ളി മേഖലയിലെ സർക്യൂട്ടിനെ സംബന്ധിച്ചുള്ള മാസ്റ്റർ പ്ലാൻ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പ്രസാദ്, സ്വദേശി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായിട്ടുള്ള ചില പ്രോജക്ടുകൾക്ക് തത്വത്തിൽ ഇപ്പോൾ അംഗീകാരം കിട്ടിയിട്ടുണ്ട്. അതിൽ ഒന്ന് പത്മനാഭസ്വാമി ക്ഷേത്രവും ആറന്മുളയും ഒക്കെ ബന്ധപ്പെട്ട പദ്ധതിക്കാണ്. ശബരിമലയുമായി ബന്ധപ്പെട്ട മറ്റൊരു പദ്ധതിയും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആ പദ്ധതി

നടപ്പാക്കുന്നതിനു വേണ്ടിയിട്ടുള്ള പരിശ്രമം ഉണ്ടാകും.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ടൂറിസം വികസനവുമായി ബന്ധപ്പെട്ട് നമുക്കുണ്ടാകുന്ന ഏറ്റവും വലിയ വെല്ലുവിളി സമയബന്ധിതമായി ഡി.പി.ആർ തയ്യാറാക്കി കിട്ടുന്നില്ല എന്നുള്ളതാണ്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിൽ പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനോ അങ്ങനെയുള്ള എന്തെങ്കിലും കർമ്മ പരിപാടിയെ സംബന്ധിച്ചോ ആലോചിക്കുന്നുണ്ടോ; അത്തരത്തിൽ നിലവിൽ ഉണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, നിലവിൽ ഡി.പി.ആർ ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള സംവിധാനം വളരെ ദുർബലമാണ് എന്നുള്ള ആക്ഷേപം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ഇത് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകൾ ഉൾപ്പെടുത്തി ഒരു സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ച് കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ടൂറിസം മേഖലയുടെ പുരോഗതിക്കു വേണ്ടി മെഡിക്കൽ ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി

പ്രയോജനപ്പെടുത്താനുള്ള കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ എന്നുള്ളതാണ് എനിക്ക് ചോദിക്കാൻ ഉള്ളത്. വിദേശ രാജ്യങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് ചികിത്സാച്ചെലവ് നാലിൽ ഒന്ന് മാത്രമേയുള്ളൂ. അതോടൊപ്പം പ്രഗൽഭരായിട്ടുള്ള ഡോക്ടർമാരുടെ സേവനവും ലോകത്ത് എവിടെയും കിട്ടുന്ന ചികിത്സ സ്വകാര്യ ആശുപത്രികളും ഗവൺമെന്റ് ആശുപത്രികളും വഴി നമുക്ക് കേരളത്തിൽ ഇന്ന് ലഭ്യമാകുന്ന ഒരു സാഹചര്യമുണ്ട്. അപ്പോൾ ആ ഒരു സാധ്യത പരിശോധിച്ച് മെഡിക്കൽ ടൂറിസം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് വേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ എന്നതാണ് എന്റെ ഒരു ചോദ്യം. തിരുവനന്തപുരത്തെ ശംഖുമുഖം എന്നുപറയുന്ന പ്രദേശത്ത് ഇന്ന് ഓരോ ദിവസവും ആയിരക്കണക്കിനാളുകളാണ് എത്തിച്ചേരുന്നത്. പക്ഷേ, അവിടെ അടിസ്ഥാനപരമായിട്ടുള്ള ഒരു സൗകര്യവുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 4 കോടി രൂപയുടെ ഒരു പ്രോജക്ട് ടൂറിസം ഡിപ്പാർട്ട്മെന്റ് അവിടെ നടപ്പിലാക്കുന്നുണ്ട്. ഇന്ന് ഒരുപക്ഷേ, കേരളത്തിൽ നമ്മുടെ സംസ്ഥാനത്ത് നിന്നുതന്നെ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ ഏറ്റവും കൂടുതലായി എത്തിച്ചേരുന്ന ഒരു സ്ഥലമാണിത്. ശംഖുമുഖത്തെ ഒരു അന്തർദേശീയ തലത്തിലുള്ള ടൂറിസ്റ്റ്

കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള സാധ്യതയും ഉണ്ട്. അതുകൂടി പരിഗണിക്കുമോ എന്നുള്ളതാണ് ഗവൺമെന്റിനോട് എനിക്ക് ചോദിക്കാൻ ഉള്ളത്.

ശ്രീ. എ. സി. മൊയ്തീൻ : സർ, ശംഖുമുഖത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളരെപ്പെട്ടെന്നു തന്നെ ഏറ്റെടുത്ത പ്രവർത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ അടിയന്തരമായി ചെയ്യും. ശംഖുമുഖത്തിന്റെ വികസനത്തിനായി ഈ പറഞ്ഞ സാധ്യതകൾ നമുക്ക് പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും. മെഡിക്കൽ ടൂറിസവുമായി ബന്ധപ്പെട്ട മേഖലയിൽ നമ്മൾ ഇപ്പോൾ ഇടപെടുന്നുണ്ട്. പക്ഷേ, അതിന്റെ സാധ്യതകൾ അനന്തമാണ്. ആയുർവ്വേദവും മോഡേൺ മെഡിസിനുമായും ബന്ധപ്പെട്ട് നിരവധി സാധ്യതകളുണ്ട്. നമ്മുടെ ചികിത്സാ രീതികളുമായി ബന്ധപ്പെട്ടും സാധ്യതകൾ ഉണ്ട്. ആ സാധ്യതകൾ പ്രയോജനപ്പെടുത്തണം എന്നു തന്നെയാണ്. കേരളത്തിൽ മറ്റ് രാജ്യങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ ചെലവ് കുറഞ്ഞ ചികിത്സാരീതികൾ ഉണ്ട്. ഇതു മാർക്കറ്റ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള ആലോചനകളും സർക്കാർ നടത്തികൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ജെ. മാക്സി</u> : സർ, ടൂറിസത്തിന്റെ ഒരു പ്രധാന ഭാഗമാണ് ആവശ്യമായ താമസസൗകര്യം. ഹോംസ്റ്റേകളാണ് നമ്മുടെ പ്രദേശത്ത് സാധാരണയായി നിലനിൽക്കുന്നത്. അനധികൃത ഹോംസ്റ്റേകൾ ധാരാളമുണ്ട്. അത് നിരോധിക്കാനോ, അംഗീകൃത ഹോംസ്റ്റേകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായോ സർക്കാർ എന്താണ് ചെയ്യുന്നതെന്നറിയാൻ കഴിയുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, ഹോംസ്റ്റേകൾക്ക് തയ്യാറുള്ള ആളുകളെ അതിന്റെ ക്ലാസ്സിഫിക്കേഷൻ അനുസരിച്ചുള്ള സൗകര്യം ഉണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടുകൂടി അത്തരം സംരംഭങ്ങളെ സഹായിക്കുന്ന നിലപാടാണ് ഇപ്പോൾ ടൂറിസം വകുപ്പ് സ്വീകരിക്കുന്നത്. അവിടെ അനധികൃതമായ നടത്തിപ്പ് ഉണ്ടെങ്കിൽ ആ കാര്യം ജില്ലയിലെ ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടുതൽ എന്തെങ്കിലും പ്രത്യേക ആക്ഷേപം ആ കാര്യവുമായി ബന്ധപ്പെട്ട് ഉണ്ടെങ്കിൽ സർക്കാർ പരിശോധിക്കും.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, വിദേശ ടൂറിസ്റ്റുകളുടെ ആഗമനത്തിന്റെ കുറവിൽ പ്രധാനമായും പറയുന്ന ഒരു കാരണം അവരുടെ സുരക്ഷിതത്വവുമായി

ബന്ധപ്പെട്ട കാര്യമാണ്. ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഇപ്പോൾ നിലവിലുള്ള നിയമത്തിനു പുറമേ മറ്റു നിയമനിർമ്മാണം നടത്താൻ ആഗ്രഹിക്കുന്നുണ്ടോ?

മി. സ്പീക്കർ : വിഷയം ടൂറിസവുമായി ബന്ധപ്പെട്ടുള്ളതായതുകൊണ്ട് എല്ലാവരും കൈയുയർത്തികൊണ്ടിരിക്കുകയാണ്. ചെയറിന്റെ മുന്നിൽ ഓരോരുത്തർക്കും എത്ര ഉപചോദ്യം കിട്ടി എന്നുള്ളത് സംബന്ധിച്ച് കൃത്യമായ രേഖകളുണ്ട്. മാനദണ്ഡങ്ങൾക്കനുസൃതമായാണ് ചോദ്യങ്ങൾ അനുവദിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ : സർ, സംസ്ഥാനത്ത് എത്തിപ്പെടുന്ന വിദേശ ടൂറിസ്റ്റുകൾ ആയാലും ആഭ്യന്തര ടൂറിസ്റ്റുകൾ ആയാലും അവരുടെ സംരക്ഷണം ഉറപ്പുവരുത്താനുള്ള ബാധ്യത സംസ്ഥാനത്തിനുണ്ട്. ആ കാര്യങ്ങൾ ഗൗരവപൂർവ്വം സർക്കാർ പരിഗണിക്കും.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പ്രതിവർഷം 10 ലക്ഷത്തിലേറെ ടൂറിസ്റ്റുകൾ എത്തിച്ചേരുന്നതാണ് അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമുഴി തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ. പാർക്കിംഗ്, താമസസൗകര്യം തുടങ്ങിയവപോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇനിയും അവിടെ ഒരുക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനം കൂടി ആവശ്യമാണ്. വനം,

പഞ്ചായത്ത്, പി.ഡബ്ല്യു.ഡി., കെ.എസ്.ഇ.ബി., ടൂറിസം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇവിടത്തെ വികസനം കൂടുതൽ ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെത്തന്നെ ഈ വികസനം വഴി ആദിവാസികളടക്കമുള്ള ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അങ്ങ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഏറ്റവും മനോഹരമായ പ്രദേശങ്ങളിലൊന്നായി അതിരപ്പിള്ളി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ വികസിപ്പിച്ചു വരികയാണ്. അവിടത്തെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിയും മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ അവിടെ വികസനത്തിനാവശ്യമായ ഭൂമി ടൂറിസം വകുപ്പിന്റെയോ മറ്റോ ഇല്ലെന്നുള്ളതാണ് പ്രശ്നം. വനമേഖലയാണത്. വനനിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നം, അവിടെ വാഹനങ്ങളുടെ പാർക്കിംഗിനും താമസ സൗകര്യം ഒരുക്കുന്നതിനും തടസ്സം ഉണ്ടാക്കുന്നുണ്ട്. വനം വകുപ്പുമന്ത്രിയുമായി ആലോചിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉൾപ്പെടെ സഹായത്തോടുകൂടി ഇത്തരം കുറെയേറെ പ്രശ്നങ്ങൾ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ആലോചിച്ചു ചെയ്യേണ്ടതുണ്ട്. മുഖ്യമന്ത്രിയുടെ കൂടി സാന്നിദ്ധ്യത്തിൽ ഈ വിഷയം ചർച്ച

ചെയ്യണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പാറക്കൽ അബ്ദുള്ള: സർ, സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിൽ മലബാർ പ്രദേശം ഇപ്പോഴും ഏറെ പിന്നിലാണ്. ചില ഒറ്റപ്പെട്ട പദ്ധതികളുണ്ട് എന്നതല്ലാതെ എടുത്തു പറയത്തക്ക ടൂറിസം പദ്ധതികളൊന്നുംതന്നെ അവിടെയില്ല. ഈ സാഹചര്യത്തിൽ മലബാർ മേഖലയിലെ ടൂറിസം പദ്ധതികൾ പരിപോഷിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പ്രത്യേക പാക്കേജിന് രൂപം നൽകുമോ; കൂട്ടത്തിൽ എന്റെ മണ്ഡലത്തിലെ തിരുവള്ളൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തുരുത്തി ജലഗതാഗതത്തിനും ഇക്കോ ടൂറിസത്തിനും വളരെ സാധ്യതയുള്ള പ്രകൃതി കനിഞ്ഞരുളിയൊരു പ്രദേശമാണ്. എന്തെങ്കിലുമൊരു ടൂറിസം പദ്ധതി അവിടെ അനുവദിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ വർഷത്തെ ബഡ്ജറ്റ് പരിശോധിച്ചാൽ മലബാർ മേഖലയ്ക്ക് അർഹമായ പരിഗണന കിട്ടിയിട്ടുണ്ടെന്നുകാണാം. തലശ്ശേരിയിലെ പൈതൃക പദ്ധതി, അതുപോലെത്തന്നെ ധർമ്മടവുമായി ബന്ധപ്പെട്ട്, വയനാടുമായി ബന്ധപ്പെട്ട്, ഉൾപ്പെടെയുള്ള ടൂറിസം പദ്ധതികൾക്കും, അതിന്റെ സാധ്യകൾ പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള സമീപനം ബഡ്ജറ്റിൽ

കൈക്കൊണ്ടിട്ടുണ്ട്. പ്രത്യേകമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി മുതൽ വാഴാനി വരെ ദീർഘമായ ടൂറിസ്റ്റ് പദ്ധതികളുടെ ഒരു കേന്ദ്രമാണ്. അതിരപ്പിള്ളി, ചിമ്മിനി ഡാം, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് പുതിയതായി വരാൻ പോകുന്ന പുത്തൂരിലെ സുവോളജിക്കൽ പാർക്ക്, പീച്ചി, വാഴാനി ഇങ്ങനെയുള്ള പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ, ബഹുമാനപ്പെട്ട ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ. ചോദിച്ചതുപോലെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു ടൂറിസ്റ്റ് കോറിഡോർ എന്ന നിലവാരത്തിലേക്ക് ഉയർത്താനുള്ള സാധ്യതയെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പീച്ചിയുടെയും വാഴാനിയുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായിത്തന്നെ പശ്ചാത്തല സൗകര്യ വികസനത്തിന് ഈ ബഡ്ജറ്റിൽ 20 കോടി രൂപയുടേതുമായി ബന്ധപ്പെടുത്തിയുള്ള റോഡ് വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. ഈ പ്രദേശവുമായി ബന്ധപ്പെട്ട് ടൂറിസ്റ്റുകളെ

എത്തിക്കുന്നതിനുള്ള സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പരിഗണന നൽകുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, കണ്ണൂർ ജില്ലയിലെ കൈത്തറി മേഖലയെക്കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് ഹാന്റ് ലൂം വില്ലേജിന്റെ പണി നടന്നുകൊണ്ടിരിക്കുന്നത്. നാലരക്കോടി രൂപയുടെ വർക്കാണവിടെ നടത്തുന്നത്. അതിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു, രണ്ടാം ഘട്ടം വർക്കുകൾ നന്നായി നടക്കുന്നുണ്ട്. അതിനോട് ചേർന്ന് ഒരു മ്യൂസിയം കൂടി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം ആദ്യമേ ആ പ്രോജക്ടിൽ പറഞ്ഞിരുന്നു. അതിനെക്കുറിച്ച് ആലോചിക്കാൻ താൽപര്യമുണ്ടാകുമോ; പ്രത്യേകിച്ച് കൈത്തറിയുടെ ഒരു സമുദ്ധാരണം കൂടി നമ്മുടെ ലക്ഷ്യമായിരിക്കുന്നതുകൊണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രാദേശികോൽപ്പന്നങ്ങളുടെ സാധ്യതകളെ ആഭ്യന്തര/വിദേശ ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്താനും ആ സാധ്യതകളെ നമുക്ക് പ്രയോജനപ്പെടുത്താനും കഴിയുന്ന പദ്ധതികൾ ഇപ്പോഴുണ്ട്. കൈത്തറിയുടെ കാര്യത്തിൽ സർക്കാർ കാണിക്കുന്ന താൽപ്പര്യം ബഡ്ജറ്റിൽക്കൂടി വന്നിട്ടുണ്ട്. ടൂറിസം വകുപ്പും കൈത്തറി മേഖലയിലുള്ള

ഇത്തരം സാധ്യതകളെ നമ്മുടെ ആഭ്യന്തരവും വിദേശവുമായിട്ടുള്ള ടൂറിസ്റ്റുകൾക്കായി, ടൂറിസത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്താനാകും. അങ്ങ് പറഞ്ഞ കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കേരളത്തിലും പുറത്തും അറിയപ്പെടുന്ന ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസ്റ്റ് കേന്ദ്രം. അതിന് വേണ്ടത്ര പരിഗണന നൽകുന്നില്ല എന്നുള്ള പരാതി വ്യാപകമായി വരികയാണ്. അവിടെ KTDC-യുടെ നാലഞ്ച് ക്വാർട്ടേഴ്സ് പണിതിട്ടിരിക്കുകയാണ്. അത് പകുതി വഴിക്ക് ഇളക്കിപ്പോയി മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. നാഥനില്ലാത്ത പോലെ തകർന്നുകൊണ്ടിരിക്കുകയാണ്. അതിനെ സംരക്ഷിക്കാനും ബേക്കൽ ടൂറിസം പദ്ധതി ഉയർത്തിക്കൊണ്ടുവരാനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം

ശ്രീ. എ. സി. മൊയ്തീൻ: സർ, ബേക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. സ്വകാര്യ സംരംഭകരിൽ ചിലർ വന്നിട്ടുണ്ട്. താജിന്റെ ഹോട്ടലും അതുപോലെത്തന്നെയുള്ള ചില സ്ഥാപനങ്ങൾ വന്നിട്ടുണ്ട്.

കോട്ടേജുകൾ പണിതിരുന്നു. സാങ്കേതിക പിഴവുകൾമൂലം വർഷകാലമായപ്പോൾ അതിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബേക്കലിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയും വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയും ഈ വർഷത്തെ ബഡ്ജറ്റിലും പണം നീക്കി വച്ചിട്ടുണ്ട്. ആ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാകും.

മി. സ്പീക്കർ: കേരളം മുഴുവൻ ഒരു ടൂറിസ്റ്റ് കേന്ദ്രം ആയതുകൊണ്ട് എല്ലാവരും ഉപചോദ്യങ്ങൾ ആവശ്യപ്പെടുകയാണ്. 23 മിനിട്ടായിക്കഴിഞ്ഞു. ഒരുപാട് ഉപചോദ്യങ്ങൾക്ക് വളരെ പെട്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. നന്ദി.

## പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ

(*182) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുമോയെന്ന്

വ്യക്തമാക്കുമോ;

(ബി) വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് സഹായകരമാകുന്നതിനും കാര്യക്ഷമവും അനുകൂലവുമായ സാഹചര്യം സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേക്ക് ഉറപ്പു വരുത്താൻ കൂടുതൽക്കൂടുതൽ തൊഴിൽ സാധ്യതകൾ സൃഷ്ടിച്ചെടുക്കാനും വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ നടപടികൾ അതിവേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനഃസംഘടിപ്പിക്കുകയും ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക

അവലോകനയോഗങ്ങൾ റിയാബ് ചെയർമാന്റെ നേതൃത്വത്തിൽത്തന്നെ നടന്നുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ആധുനികവത്ക്കരണം നടപ്പിലാക്കണം, അതിന്റെ വിപുലീകരണം, ഉൽപ്പാദന വൈവിധ്യവത്ക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തമായ നയങ്ങൾ രൂപീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ അസംബ്ലിക്കുശേഷം ഓരോ വ്യവസായ സ്ഥാപനവുമായി ബന്ധപ്പെട്ടുകൊണ്ട് പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്ത് ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തുകൊണ്ട് ഈ സ്ഥാപനങ്ങളുടെയൊക്കെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്.

(ബി) കരകൗശല മേഖലയിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്കും അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ

സ്ഥാപനമായ കേരള കരകൗശല വികസന കോർപ്പറേഷൻ കരകൗശല തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ വാങ്ങി കോർപ്പറേഷന്റെ വിൽപ്പനശാലകൾ വഴി വിറ്റഴിക്കുന്നു. കരകൗശലത്തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുക, പൊതുസേവന കേന്ദ്രംവഴി അത് നിർവ്വഹിച്ച വരികയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ എക്സിബിഷനുകൾ, ക്രാഫ്റ്റ് ബസാറുകൾ, അതുപോലെത്തന്നെ പ്രത്യേക ടൂറിസം സമയങ്ങളിൽ പ്രത്യേകമായിട്ടുള്ള വിൽപ്പനകേന്ദ്രങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ഇതിന്റെ വിപണനം ശക്തിപ്പെടുത്തുകയാണ്. കരകൗശലത്തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള സാഹചര്യവും ഒരുക്കി കൊടുക്കുന്നുണ്ട്. ദേശീയ പിന്നോക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു. കരകൗശല തൊഴിലാളികൾക്കായി വിവിധ പരിശീലന പരിപാടികൾ കോർപ്പറേഷൻ നടത്തിവരുന്നു. കരകൗശല തൊഴിലാളികൾക്ക് കൂട്ടായി പ്രവർത്തിക്കുന്നതിനുവേണ്ടിയിട്ടും ആധുനിക ശാസ്ത്രസാങ്കേതിക രംഗത്തെ

ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് മെച്ചപ്പെട്ട ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള കൂട്ടായ സംരംഭത്തിനും ഗവൺമെന്റ് രൂപം കൊടുത്തു വരികയാണ്. കാര്യക്ഷമമായ നിലയിൽത്തന്നെ കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സജ്ജമാക്കി കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇപ്പോൾ മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ തീർച്ചയായിട്ടും സ്വാഗതാർഹമാണ്. കൂടാതെ കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് (2010-11) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശരാശരി ലാഭം 202.42 കോടി രൂപായിരുന്നു. അതേ സമയം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത് ശരാശരി 645.96 കോടി രൂപ നഷ്ടത്തിലായി. എൽ.ഡി.എഫ്. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേക്കും കൂടുതൽ തൊഴിൽ അവസരങ്ങളിലേക്കും അതുവഴി വ്യവസായ പുരോഗതിയിലേക്കും നയിക്കുമ്പോൾ യു.ഡി.എഫ്. സർക്കാർ തെറ്റായ നയങ്ങൾമൂലം ഈ സ്ഥാപനങ്ങളെ അടച്ചുപൂട്ടലിലേക്കും കടക്കെണിയിലേക്കും തൊഴിൽ നഷ്ടത്തിലേക്കുമാണ് നയിച്ചത്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നിലവിലുള്ള മാനേജ്മെന്റിന്റെ

പിടിപ്പുകേടുകാരണം പല സ്ഥാപനങ്ങളും നഷ്ടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട അംഗം വി. കെ. സി. മമ്മത് കോയ പറഞ്ഞതുപോലെ കേരളത്തിലെ ലാഭത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് നഷ്ടത്തിലേക്ക് തലകുത്തി വീണുകൊണ്ടിരിക്കുകയാണ്. അതിനുമുൻപുണ്ടായിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഏതാണ്ട് 18 പൊതുമേഖലാ/വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചിരുന്നു. എന്നാലിപ്പോൾ ലാഭകരമെന്നു പറയുന്നതുതന്നെ 10-ലേക്ക് ചുരുങ്ങിയിരിക്കുകയാണ്. ഈ വ്യവസായ സ്ഥാപനങ്ങളെല്ലാം നഷ്ടത്തിലേക്ക് വരുന്നതിന് ഒട്ടനവധി കാരണങ്ങളുണ്ട്. ഒന്ന് നമ്മുടെ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നമാണ്. ആഗോളവൽക്കരണ നയമാണ്. അതുപോലെത്തന്നെ കയറ്റുമതിക്കുള്ള സാധ്യതകൾ കുറഞ്ഞത് ഇറക്കുമതി, വൻതോതിൽ വർദ്ധിച്ചത്, ഇതിനുപുറമേ നമ്മുടെ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നം - ഒരു ശക്തമായ മാനേജ്മെന്റ് ഈ സ്ഥാപനങ്ങൾക്കില്ല എന്നുള്ളതാണ്. ദുർബലമായ മാനേജ്മെന്റ്, സ്ഥാപനങ്ങൾ

നടത്തിക്കൊണ്ടുപോകാൻ പ്രാപ്തരല്ലാത്ത മാനേജ്മെന്റ് ഈ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. കെടുകാര്യസ്ഥതയും ദുർവിനിയോഗവും അഴിമതിയുമാണ് പല സ്ഥാപനങ്ങളിലും കൊടികുത്തി വാഴുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ തന്നെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തന്നെ ഒരു സ്ഥാപനത്തെക്കുറിച്ച് വിജിലൻസ് അന്വേഷണത്തിനുവേണ്ടി വളരെ കർശനമായ നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ഇതു നമ്മുടെ കേരള വ്യവസായ രംഗത്തിനുതന്നെ അപമാനം സൃഷ്ടിച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരു പവർഫുൾ മാനേജ്മെന്റ് എല്ലാ വ്യവസായ ശാലകളിലും ഉണ്ടാകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് റിയാബിന്റെ പ്രഥമ പരിശോധനയുടെ അടിസ്ഥാനത്തിൽ ഒരു പ്രൊഫഷണൽ മാനേജ്മെന്റ് സ്ഥാപനത്തിനുണ്ടാകണം എന്നാണ്. സ്ഥാപനം നടത്തുന്ന എം.ഡി. പ്രാപ്തനായിരിക്കണം. അതുകൊണ്ടുതന്നെ പൊതുവെ പ്രാപ്തരായിട്ടുള്ള വ്യക്തികളെ കണ്ടെത്താൻ, പ്രാപ്തരായിട്ടുള്ള മാനേജ്മെന്റ് സൃഷ്ടിച്ചെടുക്കാൻ, പ്രൊഫഷണൽ മാനേജ്മെന്റ് സ്ഥാപിക്കാൻ ഇപ്പോൾ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അത് പരിശോധിച്ച് എല്ലാ സ്ഥാപനങ്ങളെയും മെച്ചപ്പെടുത്തിയെടുക്കാനുള്ള അതീവ ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുണ്ടാകും. എല്ലാ കെടുകാര്യസ്ഥതയും അവസാനിപ്പിച്ചുകൊണ്ട് ഗവൺമെന്റ് ആഗ്രഹിക്കുന്നത് ഈ 42 പൊതുമേഖലാ സ്ഥാപനങ്ങളേയും വരുന്ന 5 വർഷക്കാലത്തിനുള്ളിൽ ലാഭകരമാക്കിത്തീർക്കുക എന്നുള്ളതാണ്. അതുതന്നെയാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. അതുണ്ടാകാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നകാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. വി. കെ.സി. മമ്മത് കോയ: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 10 പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചു. മുഴുവൻ സ്ഥാപനങ്ങളും ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്. അവയിൽ ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

ശ്രീ. ഇ.പി. ജയരാജൻ: സർ, ഇത് പരിശോധിച്ചു പറയേണ്ട ഒരു വിഷയമാണ്. കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിരുന്ന ഒട്ടനവധി സ്ഥാപനങ്ങൾ ഇപ്പോൾ നിലവിലില്ലാത്ത അവസ്ഥയിലെത്തിക്കഴിഞ്ഞിട്ടുണ്ട്. ആ കാര്യങ്ങൾ വിശദമായി പരിശോധിച്ച്, ഓരോ വ്യവസായത്തെക്കുറിച്ചും പറയേണ്ടതുകൊണ്ട്

അത് പരിശോധിച്ച് സഭയുടെ മുമ്പാകെ വയ്ക്കാം.

ശ്രീ. എസ്. ശർമ്മ: സർ, ഇപ്പോൾ കേരളത്തിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രാഥമികമായിട്ടുള്ള റിവ്യൂ റിയാബ് നടത്തുകയുണ്ടായി എന്നാണ് മനസ്സിലാക്കുന്നത്. സമഗ്രമായ വികസനം ലക്ഷ്യംവച്ച് എല്ലാ സ്ഥാപനങ്ങളും ലാഭകരമായി കൊണ്ടുവരിക എന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്ന് അങ്ങ് ഇവിടെ ആദ്യ ചോദ്യത്തിന് ഉത്തരമായി വ്യക്തമാക്കി കഴിഞ്ഞതാണ്. അത് നിലവിലുള്ള വ്യവസായങ്ങളെക്കുറിച്ചാണ്. പുതിയ വ്യവസായ സംരംഭങ്ങളുടെ കാര്യത്തിൽ, അതായത് കൊച്ചിൻ റിഫൈനറിയുടെ പെട്രോ കെമിക്കൽ പ്രോജക്ട് 2018-ൽ കമ്മീഷൻ ചെയ്യുമ്പോൾത്തന്നെ അതിന്റെ ഉപ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് അനുബന്ധ പ്രോജക്ടുകൾ കൂടി വരുമ്പോൾ മാത്രമാണ് ലക്ഷ്യംവയ്ക്കുന്ന സ്ഥാനത്തേയ്ക്ക് എത്തിച്ചേരാൻ കഴിയുകയുള്ളൂ. കാരണം ഇതിന് പാരിസ്ഥിക ആഘാത പഠനം നടത്തേണ്ടതുണ്ട്, നിരവധിയായ പരിശോധനകൾ നടത്തേണ്ടതുണ്ട്. 2018-ൽ പെട്രോകെമിക്കൽ പ്രോജക്ട് കമ്മീഷൻ ചെയ്യുമ്പോൾതന്നെ അനുബന്ധ പ്രോജക്ടുകൾ കൂടി കൊണ്ടുവരാൻ കഴിയുന്ന

വിധത്തിൽ, പതിനായിരക്കണക്കിന് തൊഴിൽരഹിതർക്ക് ജോലി ലഭിക്കാൻ കഴിയുന്ന സാധ്യതയെ പ്രയോജനപ്പെടുത്തി റിയാബും, കെ.എസ്.ഐ.ഡി.സി.യും അതിന് നേതൃത്വം കൊടുത്തുകൊണ്ട് ഒരു പരിശോധന നടത്താനും മുൻകൈ എടുക്കാനും ഗവൺമെന്റ് നേതൃത്വം നൽകുമോ?

ശ്രീ. ഇ.പി. ജയരാജൻ: സർ, പെട്രോ കെമിക്കൽസിന്റെ പ്രവർത്തനം 2018 ആകുമ്പോഴേക്കും പൂർത്തിയാക്കും എന്നാണ് ഇപ്പോൾ വ്യക്തമാക്കിയിട്ടുള്ളത്. അപ്പോഴേയ്ക്കും അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പെട്രോ കെമിക്കൽസിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തന്നെ സാന്നിധ്യത്തിൽ പ്രാഥമികമായ ചർച്ച നടത്തിക്കഴിഞ്ഞിട്ടുണ്ട്. എന്നുമാത്രമല്ല, കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രത്യേകിച്ച് ഒരു പ്രോഡക്ടിൽ നിന്ന് ഒട്ടനവധി ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള സാധ്യതയുണ്ട്. ഇന്നത്തെ ശാസ്ത്രസാങ്കേതിക രംഗത്തെ പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് ഒട്ടനവധി വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്; അതുപോലെ തന്നെ തൊഴിൽ സാധ്യതകളുമുണ്ട്. അതിനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

അനുസംബന്ധിച്ച് പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. വീണ്ടും അത് തുടർന്നുകൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ട്.

ശ്രീ. സി. കൃഷ്ണൻ: സർ, കണ്ണൂർ ജില്ലയിലെ ഏക സംസ്ഥാന പൊതുമേഖലാ സ്ഥാപനമാണ് പാപ്പിനിശ്ശേരി കേന്ദ്രമാക്കിയുള്ള കേരള ക്ലേ ആന്റ് സിറാമിക്സ്, അതിന് കാസർഗോട് ജില്ലയിലും യൂണിറ്റുകളുണ്ട്. 2012-2013 വരെ തുടർച്ചയായി 25 വർഷക്കാലം ലാഭകരമായി ആ സ്ഥാപനം പ്രവർത്തിക്കുകയും സർക്കാരിലേയ്ക്ക് ലാഭവിഹിതം നൽകുകയും ചെയ്തു. ഇടക്കാലത്ത് ആ സ്ഥാപനവുമായി ബന്ധപ്പെട്ടുള്ള ക്ലേ മൈനിംഗും അതിന്റെ പ്രോസസ്സിംഗും ചില ഇടപെടലുകളെത്തുടർന്ന് ഗവൺമെന്റ് നിർത്തിവച്ചു. അതിനെത്തുടർന്ന് ആ സ്ഥാപനത്തിന്റെ പ്രവർത്തനം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്, തൊഴിലാളികൾ തൊഴിൽരഹിതരാണ്. ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ.പി. ജയരാജൻ: സർ, കണ്ണൂരിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ

സ്ഥാപനമായ ക്ലേ ആന്റ് സിറാമിക്സ് എന്നത് പഴയ ചൈനാക്ലേ ഫാക്ടറിയാണ്. അതിന്റെ പ്രധാനപ്പെട്ട മൈനിംഗ് കേന്ദ്രം പഴയങ്ങാടിയാണ്. മറ്റൊന്ന് കാസർഗോഡ് ജില്ലയിലെ കരിന്തളത്താണ്. ഈ രണ്ട് സ്ഥാപനങ്ങളും ഇന്ന് പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയിലാണുള്ളത്. പഴയങ്ങാടി ചൈനാ ക്ലേ പൂട്ടിക്കിടക്കുകയാണ്. അതുപോലെ തന്നെ നീലേശ്വരത്ത് ഉള്ള ക്ലേ മൈനിംഗും കരിന്തളത്തെ മൈനിംഗും സ്തംഭിച്ച് കിടക്കുകയാണ്. വളരെക്കാലമായി അവിടെ വലിയ ബഹുജന പ്രക്ഷോഭങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ രണ്ട് സ്ഥലങ്ങളിലും ഇനി മൈനിംഗ് നടത്താൻ കഴിയാത്ത സ്ഥിതി വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക്, 267 തൊഴിലാളികൾ പഴയങ്ങാടിയിൽ പ്രവർത്തിക്കുന്നുണ്ട്, ഏതാണ്ട് 30-35 തൊഴിലാളികളാണ് കരിന്തളത്ത് പ്രവർത്തിക്കുന്നത്. ഇവരെല്ലാംകൂടി ആകെ 300 തൊഴിലാളികളുണ്ട്. ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി പുതിയ സംരംഭങ്ങളിലേയ്ക്ക് കടന്നുപോകാനാണ് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അതിനുവേണ്ടിയുള്ള ഒരു പുതിയ

പ്ലാനിന് രൂപം നൽകിയിട്ടുണ്ട്. പ്ലാനിംഗ് ബോർഡും ധനകാര്യ വകുപ്പും ആ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. മൈനിംഗ് നടത്താനും ചൈനാ ക്ലേ ഫാക്ടറി പ്രവർത്തിപ്പിക്കാനും സാധിക്കുകയില്ല. വെടിവച്ച് ആളുകളെ ആക്രമിച്ചും കൊലപ്പെടുത്തിയും മുന്നോട്ടുപോകാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. നല്ലൊരു അന്തരീക്ഷമാണ് ഉണ്ടാക്കിയെടുക്കാൻ ആഗ്രഹിക്കുന്നത്. ആ സ്ഥാപനം ഒരു പുതിയ സംരംഭത്തിലേയ്ക്ക് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. അത് ഡയറി ഡെവലപ്മെന്റാണ്. ഇപ്പോഴത്തെ പ്രോജക്ട് അനുസരിച്ച് 600-ലധികം പശുക്കളെ വളർത്തുക, പാല് സംഭരിക്കുക, കാലിത്തീറ്റയുണ്ടാക്കുക, കൃഷി ചെയ്യുക, കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയുണ്ടാക്കുക, അവയ്ക്കുവേണ്ടി കേരളത്തിലെ സംരംഭങ്ങളെ ഉപയോഗപ്പെടുത്തുക, കേരളത്തിൽ പാൽ വിതരണ കേന്ദ്രങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ സംരംഭങ്ങൾ വന്നാൽ ആയിരം പേർക്ക് തൊഴിൽകൊടുക്കാനുള്ള സാധ്യതയുണ്ട്. ആ പ്രോജക്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മൈനിംഗ് രംഗത്തുള്ള ഇന്നത്തെ പ്രത്യേക സ്ഥിതി കണക്കിലെടുത്തുകൊണ്ട് നേരത്തെ തന്നെ ഇതിന് രൂപം കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

അത് അതിവേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, കാര്യക്ഷമവും അഴിമതി രഹിതവുമായ പ്രവർത്തനങ്ങൾ ഉണ്ടായാൽ മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായ പുരോഗതിയിലേയ്ക്ക് എത്തിച്ചേരുകയുള്ളൂ. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന പല ഉദ്യോഗസ്ഥരും വിജിലൻസ് അന്വേഷണം നേരിടുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉയർന്ന ഉദ്യോഗസ്ഥൻമാരെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ഇ.പി. ജയരാജൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ തന്നെ ചില വലിയ സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവരെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നു. പ്രാഥമികമായ അന്വേഷണത്തിൽ അത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾതന്നെ പലർക്കും സ്ഥാനചലനം വന്നുകഴിഞ്ഞിട്ടുണ്ട്. വിശദമായ അന്വേഷണത്തിനു വേണ്ടി വ്യവസായ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ റിപ്പോർട്ട്

ലഭിച്ചുകഴിഞ്ഞാൽ ചില വിജിലൻസ് അന്വേഷണങ്ങൾ വേണ്ടി വരും. ശക്തമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കും. പൊതുമേഖലാ സ്ഥാപനത്തെ തകർക്കാനോ പൊതുമുതൽ ധൂർത്തടിക്കാനോ ഈ ഗവൺമെന്റ് ആരേയും സമ്മതിക്കുകയില്ല എന്ന ശക്തമായ നിലപാടാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന്റെ നയം. അത് വ്യവസായ വകുപ്പ് ഫലപ്രദമായി നടപ്പിലാക്കും.

ശ്രീ. പി.കെ. ശശി: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് നയിച്ച ഗവൺമെന്റാണ്. ആ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ വിഹിതമെടുത്തുകൊണ്ട് 10 പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ അന്ന് തുടങ്ങിയിരുന്നു. അതിൽ പ്രധാനപ്പെട്ട സ്ഥാപനമാണ് പാലക്കാട് ജില്ലയിലെ കണ്ണാടിയിലെ മീറ്റർ കമ്പനി. ശ്രീ. എ.കെ. ബാലൻ അന്ന് മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കൂടി പ്രത്യേക താൽപ്പര്യമെടുത്ത് ആരംഭിച്ച മീറ്റർ കമ്പനി ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. ഇത് തുറക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെ കേരളത്തിലെ സിമന്റ്

മാർക്കറ്റിൽ 10 ശതമാനമാണ് മലബാർ സിമന്റ്സിന്റെ വിഹിതം. ഇത് ഇരട്ടിയാക്കി 20 ശതമാനമായി വർദ്ധിപ്പിക്കാൻ ഒരു ചൂളക്കൂടി സ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിലെ സിമന്റിന്റെ ആവശ്യകതയുടെ പത്തുശതമാനം മാത്രമെ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ഇവിടെ ഉപയോഗിക്കുന്ന സിമന്റിന്റെ തൊണ്ണൂറ് ശതമാനവും കേരളത്തിന് പുറത്തുനിന്നുള്ള കമ്പനികൾ ഉൽപാദിപ്പിക്കുന്നതാണ്. നമ്മൾ ഉൽപ്പാദിപ്പിക്കുന്ന സിമന്റ് ഏറ്റവും മെച്ചപ്പെട്ട സിമന്റായതിനാൽ ആ സിമന്റിന് വിപണിയിൽ നല്ല മാർക്കറ്റാണ്. അതുകൊണ്ട് പത്തുശതമാനമെന്നത് ഇരട്ടിയാക്കുക എന്നുള്ള ഒരു പദ്ധതി നമ്മുടെ മുമ്പിലുണ്ട്. അതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ട്രാവൻകൂർ സിമന്റ്സ് വൈറ്റ് സിമന്റ് ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറിയാണ്. ആ സിമന്റ് ഫാക്ടറി ഇപ്പോൾ ഏതാണ്ട് ക്ഷയിച്ച് പ്രവർത്തന രഹിതമായിക്കൊണ്ടിരിക്കുകയാണ്. അതുപോലെത്തന്നെ ചേർത്തലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മലബാർ സിമന്റിന്റെ യൂണിറ്റ് ഉണ്ട്. ഈ മൂന്ന് സിമന്റ് നിർമ്മാണ യൂണിറ്റുകളും പരസ്പരം

ബന്ധിപ്പിച്ചുകൊണ്ട്, അതിന്റെ പർച്ചേസിംഗും മാർക്കറ്റിംഗും പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ട് സിമന്റ് വ്യവസായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രാഥമികമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സിമന്റിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഇപ്പോൾ വിദേശത്തുനിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. കണ്ണാടിയിൽ പ്രവർത്തിച്ചിരുന്ന മീറ്റർ കമ്പനി അടച്ചുപൂട്ടേണ്ടി വന്നത് അവരുടെ ഉൽപ്പന്നമായ മീറ്ററിന്റെ ഗുണനിലവാരം കുറവാണെന്ന് പറഞ്ഞ് കെ.എസ്.ഇ.ബി.-യിൽനിന്നും ഒരു റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു. യഥാർത്ഥത്തിൽ അതൊരു ശരിയായ റിപ്പോർട്ട് ആയിരുന്നില്ല. അവർക്ക് നല്ല നിലയിൽ തന്നെ മീറ്റർ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമായിരുന്നു. ഇതുതന്നെയായിരുന്നു കൊല്ലത്ത് പ്രവർത്തിച്ചിരുന്ന മീറ്റർ കമ്പനിയുടെയും സ്ഥിതി. ഇപ്പോൾ സർക്കാർ ഇടപെട്ട് ഈ കമ്പനികളുടെ ഉൽപ്പന്നത്തിന്റെ ഗുണനിലവാരം പരിശോധിച്ചതിൽ മെച്ചപ്പെട്ട ഉൽപ്പന്നമാണ് കൊല്ലത്തുനിന്നും കണ്ണാടിയിൽ നിന്നും ഉൽപ്പാദിപ്പിച്ചിരുന്നത് എന്ന നിഗമനത്തിൽ എത്തിയിട്ടുണ്ട്. രണ്ട് സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന

മീറ്ററുകളുടെ പ്രധാനപ്പെട്ട ഉപഭോക്താക്കൾ കെ.എസ്.ഇ.ബി.-യായിരുന്നു. ഇതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പുമന്ത്രിയുമായി ഇന്ന് ഒരു ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹവുമായി ആലോചിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കഴിയുന്നത്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെതന്നെ വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നുമാത്രമല്ല ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള പ്രോജക്ട്, നമ്മുടെ വീടുകളിലെ മീറ്ററുകൾ, മെയിൻ സ്വിച്ച്, ഫ്യൂസ് ഇതെല്ലാം ആകർഷകമായ ഒരു ബോക്സിൽതന്നെ അപകടരഹിതമായ രീതിയിൽ ഒരു പ്രത്യേക ബോക്സിൽ തന്നെ ഉണ്ടാക്കുകയെന്നതാണ്. വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും വയറിംഗ് നടത്തുന്ന അവസരത്തിൽ ഈ ബോക്സ് വാങ്ങി അവിടെ ഫിറ്റ് ചെയ്താൽ മതിയാകും. അതിനുള്ള എല്ലാ സജ്ജീകരണങ്ങളും അതിൽ ഉണ്ടാകും. രണ്ട് കണക്ഷൻ കൊടുത്താൽ അപ്പോൾതന്നെ മീറ്ററും മെയിൻ സ്വിച്ചുമെല്ലാം പ്രവർത്തിക്കും. ഇലക്ട്രോണിക് സംവിധാനമെന്ന നിലയിൽ ഈ മീറ്ററിനെ വളർത്തിയെടുത്തുകൊണ്ട് ഒരു പുതിയ പ്രോഡക്ട് മാർക്കറ്റിൽ ഇറക്കാനും അത് മാർക്കറ്റിൽ പരമാവധി വ്യാപിപ്പിക്കാനുമുള്ള നടപടികളും ഇതിന്റെ ഭാഗമായി

ആലോചിക്കുന്നുണ്ട്. തീർച്ചയായും കണ്ണാടിയിലേയും കൊല്ലത്തേയും മീറ്റർ കമ്പനികൾക്ക് ഒരു ആശ്വാസം ഉണ്ടാക്കിയെടുക്കാൻ തന്നെയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അത് കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ സണ്ണി ജോസഫ് : സർ, കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളുമെല്ലാം പ്രവർത്തിക്കുന്നത് പട്ടണപ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ഇവയുടെ വളർച്ചയ്ക്കും തടസ്സമായി നിൽക്കുന്നത് സ്ഥലപരിമിതിയാണ്. ഗ്രാമങ്ങളിലേയ്ക്കും ചെറുകിട പട്ടണങ്ങളിലേയ്ക്കും കൂടുതൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ഗവൺമെന്റ് പരിശ്രമിക്കുമോ? ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന തോതിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ ഗവൺമെന്റിന് നയമുണ്ടോ? ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ? കാർഷികോൽപ്പന്നങ്ങളുടെ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രത്യേക സംരംഭങ്ങൾക്ക് ഊന്നൽ നൽകുമോ?

ശ്രീ. ഇ. പി. ജയരാജൻ : സർ, കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടായിരുന്നതിൽ പലതും ഇപ്പോൾ പ്രവർത്തന രഹിതമായി കിടക്കുകയാണ്. അതെല്ലാമൊന്ന് റീഓപ്പൺ ചെയ്യണം. ചിലത് ചിലർക്ക് വ്യവസായം നടത്തുവാൻ കൊടുത്തുവെങ്കിലും അവരത് കൈമാറ്റം ചെയ്യുകയോ കാട് കയറി പ്രവർത്തനരഹിതമായോ കിടക്കുകയാണ്. ഇതുപോലുള്ള അവസ്ഥയിലാണ് ഇപ്പോൾ കേരളത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടാഴ്ചയ്ക്കുള്ളിൽതന്നെ ഏതെല്ലാം പ്രദേശങ്ങളിൽ അനാഥമായി കിടക്കുന്ന വ്യവസായ പാർക്കുകളും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ഉണ്ടെന്ന് മനസ്സിലാക്കി റിപ്പോർട്ട് ചെയ്യാൻ എല്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും നിർദ്ദേശം നൽകുകയും അതിന്റെ കണക്ക് ശേഖരിച്ച് വരികയുമാണ്. പ്രവർത്തിക്കാതെ വെറുതെ കിടക്കുന്ന പ്രദേശങ്ങളിൽ പുതിയ സംരംഭകരെ ക്ഷണിച്ച് വരുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ബഹുമാന്യനായ ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ എല്ലാ പഞ്ചായത്തുകളിലും ആ പഞ്ചായത്തിന്റെ, കാർഷിക വിപണന സാധ്യത, പ്രോസസിംഗ് എന്നിവയെല്ലാം കണക്കിലെടുക്കുന്നുണ്ട്. ഇപ്പോൾ ചക്കയുടെ

കാര്യമെടുക്കാം. അതുപോലെതന്നെ മറ്റ് പഴങ്ങൾ....ഇവയെല്ലാം ഉപയോഗിച്ചുകൊണ്ടുള്ള പലഹാരങ്ങളും ബേക്കറി ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള സംരംഭങ്ങൾ, നെല്ല് കുത്താനുള്ള സംരംഭങ്ങൾ, നെല്ലിന്റെ തവിട് എടുത്ത് മാർക്കറ്റ് ചെയ്യാനുള്ള സംരംഭങ്ങൾ, ഇങ്ങനെയുള്ള പുതിയ പുതിയ സംരംഭങ്ങൾ ഗ്രാമീണ മേഖലകളിൽ പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികളും ഇതിന്റെ ഭാഗമായി ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള മറ്റ് ചില പ്രോജക്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതുകൂടി കേരളത്തിൽ നടപ്പിലാക്കുമ്പോൾ കുറെക്കൂടി ഈ കാര്യങ്ങൾ വ്യക്തമാകും. ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കിൻഫ്രാ, കെ.എസ്.ഐ.ഡി.സി. എന്നീ സ്ഥാപനങ്ങൾ വ്യവസായ സംരംഭകർക്കുവേണ്ടി കേരളത്തിൽ നിരവധി ഗ്രാമീണ പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്തി ആ സ്ഥലങ്ങൾ പരമാവധി വ്യവസായ സംരംഭകർക്ക്, പബ്ലിക് സെക്ടറിലും പ്രൈവറ്റ് സെക്ടറിലും തൽപ്പരരായി വരുന്നവർക്ക്, ഇത്തരത്തിലുള്ള ഭൂമി നൽകാനും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ച് കൊടുക്കാനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, വ്യവസായ വകുപ്പിന്റെ കീഴിലെ ചിറ്റൂരിലുള്ള ഷുഗർ ഫാക്ടറി ലിക്വിഡേറ്റ് ചെയ്ത് എക്സൈസ് വകുപ്പിന്റെ കീഴിലാണ്. അവിടെ നൂറ്റിയൻപതോളം ഏക്കർ സ്ഥലമുണ്ട്. അവിടെ അഗ്രികൾച്ചറൽ പ്രോസസിംഗിന് ഒരുപാട് സാധ്യതയുള്ള സ്ഥലമാണ്. ബനാനയിൽ നിന്നും നെല്ലിക്കായിൽ നിന്നും ജാതിക്കാതോടിൽ നിന്നുമൊക്കെ വൈൻ ഉണ്ടാക്കാൻ സാധിക്കുന്നതാണ്. അതുപോലെ തക്കാളിയുടെ സോസ് ഉണ്ടാക്കാൻ കഴിയുന്ന സംരംഭങ്ങൾ തുടങ്ങാൻ കഴിയും, കൂടാതെ റൈസ് പാർക്കിന് സാധ്യതയുള്ള സ്ഥലമാണ്. അതായത് ഉമിയിൽനിന്നും സിൽക്കി ഉണ്ടാക്കിയാൽ ഇന്ത്യയിൽ തന്നെ കൃഷിക്കാർക്ക് വലിയ ലാഭവും ഗുണകരവുമായിരിക്കും. ഇതിനായി കൃഷി വകുപ്പും എക്സൈസ് വകുപ്പും വ്യവസായ വകുപ്പും സംയുക്തമായി ആലോചിച്ച് വലിയ രീതിയിലുള്ള ഒരു സംരംഭം തുടങ്ങിയാൽ കൃഷിക്കാർക്കും അവിടത്തെ കാർഷിക വിളകൾക്കും വലിയ ഗുണം ചെയ്യും. അതിനെക്കുറിച്ചും അങ്ങ് ആലോചിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ കെ. കൃഷ്ണൻകുട്ടി പറഞ്ഞ കാര്യം ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് എന്ത് നടപടി

സ്വീകരിക്കാൻ കഴിയുമെന്ന് തീരുമാനിക്കാം. കേളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പുതിയ വ്യാവസായിക സംരഭങ്ങൾക്കാണ് ഗവൺമെന്റ് ഊന്നൽ നൽകുന്നതും ശ്രമിച്ചുകൊണ്ടിരിക്കുന്നതും. അതിന്റെ ഭാഗമായി കേരളത്തിലെ പ്രധാനപ്പെട്ട നെല്ലറകൾ നേരിടുന്ന പ്രധാന പ്രശ്നമായ നെല്ല് സംഭരിക്കാനും അത് കുത്തി അരിയാക്കാനുമുള്ള സാധ്യതകളെക്കുറിച്ച് ഒരുപാട് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. എന്നുമാത്രമല്ല പല റൈസ് മില്ലുകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഈ രംഗത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി റിയാബ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ നെല്ല് സംഭരിക്കാനും നെല്ല് മുഴുവൻ കുത്തി അരിയാക്കി മാർക്കറ്റ് ചെയ്യാനും അതിന്റെ ബൈപ്രൊഡക്ട്സ് ആയ അരിയിൽനിന്നും വേർതിരിക്കുന്ന തവിട് ഉപയോഗപ്പെടുത്തി കാലത്തീറ്റ നിർമ്മിക്കുന്നതിനും, നെല്ലിൽ നിന്നും വേർതിരിക്കുന്ന ഉമി മറ്റ് പല ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താനും കഴിയും. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഫ്രൂട്ട്സായ ചക്കയുടെ കുരു കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും ഉപയോഗിക്കാൻ കഴിയും. പഴം ജാമാക്കി ഉപയോഗിക്കാൻ കഴിയും. ചക്കയുടെ ജാമൊന്നു കഴിക്കണം

സർ, അറിയാതെ തന്നെ സ്വർഗ്ഗത്തിലെത്തിപ്പോകും. അത്രയും വിശിഷ്ടമാണ് ചക്ക. അതൊക്കെ പ്രോസസ് ചെയ്ത് വ്യവസായ സംരംഭങ്ങൾക്ക് വേണ്ടി ശ്രമിക്കുന്നുണ്ട്. തീർച്ചയായും അതിനുള്ള ശ്രമമുണ്ടാകും.

ശ്രീ. പി. സി. ജോർജ് പ്ലാത്തോട്ടം : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ട് സത്യത്തിൽ ഞാനിവിടെ അന്തിച്ച് ഇരിക്കുകയായിരുന്നു. ശ്രീ. ഇ. പി. ജയരാജൻ വ്യവസായ വകുപ്പുമന്ത്രിയായപ്പോൾ ഈ രാജ്യം എവിടെ ചെന്ന് നിൽക്കുമെന്ന് ഞാൻ ഭയപ്പെട്ട് നിൽക്കുകയായിരുന്നു. പക്ഷെ അങ്ങയുടെ ഈ ഉത്തരം കേട്ടപ്പോൾ അങ്ങ് വളരെ നേരത്തെ വ്യവസായ വകുപ്പുമന്ത്രിയാകേണ്ട ആളായിരുന്നുവെന്ന് എനിക്ക് തോന്നിപ്പോയി. വ്യവസായത്തെപ്പറ്റി നാം ചർച്ച ചെയ്യുമ്പോൾ, കേന്ദ്ര ഗവൺമെന്റ് എപ്പോഴും നമ്മളെ കബളിപ്പിക്കുകയാണ് എന്ന കാര്യം ഓർക്കണം. അതിന് ഉദാഹരണങ്ങളാണ് കോച്ച് ഫാക്ടറിയും എച്ച്.എം.റ്റി.യും. എച്ച്.എം.റ്റി.യുടെ കാര്യമെടുക്കാം, 12 വ്യവസായ സ്ഥാപനങ്ങൾ അവിടെ തുടങ്ങുമെന്ന് പറഞ്ഞാണ് നമ്മൾ സ്ഥലം അനുവദിച്ചത്. പക്ഷേ...

മി. സ്പീക്കർ : അങ്ങ് ചോദ്യം ചോദിക്കൂ, ഉപചോദ്യങ്ങൾ ചോദിക്കുമ്പോൾ

അതിനുള്ള ഉത്തരം ബന്ധപ്പെട്ട വകുപ്പുമന്ത്രി പറയും.

ശ്രീ. പി. സി. ജോർജ് പ്ലാത്തോട്ടം : സർ, അതിലുള്ള മൂന്നെണ്ണം നിർത്തിയെന്ന് മാത്രമല്ല സ്ഥലം വെറുതെ കിടക്കുകയാണ്. ആ നിലയ്ക്ക് ഇനിയെങ്കിലും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് കേരളവും ഇന്ത്യയുടെ ഭാഗമാണെന്ന് ബോധ്യപ്പെടുത്താനുള്ള ശക്തമായ നടപടികൾ സ്വീകരിച്ച്,പുതിയ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ കേരളത്തിൽ കൊണ്ടുവരാൻ ശക്തമായ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ഇ. പി. ജയരാജൻ : സർ, ഇന്റഗ്രൽ കോച്ച് ഫാക്ടറി, എഫ്.എ.സി.ടി., ഇൻസ്ട്രുമെന്റേഷൻ ഈ സ്ഥാപനങ്ങൾ കേരളത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാണെന്ന കാര്യം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ച് കഴിഞ്ഞിട്ടുണ്ട്. ഇന്റഗ്രൽ കോച്ച് ഫാക്ടറി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി മാത്രമെ നടത്തുവാൻ സാധിക്കൂ. അതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ എം.പി.-മാരുടെ യോഗത്തിൽ ഈ വിഷയം ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പാർലമെന്റ്

കൂട്ടുന്നതിന് മുമ്പ് എം.പി.മാരുടെ യോഗം ചേരുന്നുണ്ട്. അവരുടെ അജണ്ടയിൽ ഈ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്ക് സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള എല്ലാ നടപടികളും ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ അങ്ങ് എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി. എന്നാൽ ഞങ്ങളെ അടുത്തറിയുമ്പോൾ നിങ്ങളുടെ പല ധാരണകളും തിരുത്തേണ്ടതായി വരും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കോട്ടയത്തെ ട്രാവൻകൂർ സിമന്റ്സിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിച്ചു. ട്രാവൻകൂർ സിമന്റ്സിന്റെ സിമന്റ് ഉല്പാദനത്തിലെ അസംസ്കൃത വസ്തു കക്കയാണ്. കക്കയുടെ ലഭ്യത ഇപ്പോൾ കുറഞ്ഞുവരികയാണ്. അതിനാൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. ഇതിന്റെ ഉല്പാദന രീതി മാറ്റുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ ഗവൺമെന്റ് നിയോഗിക്കുമോ; അതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, എല്ലാ വ്യവസായത്തെക്കുറിച്ചും പ്രത്യേകം പ്രത്യേകമായി പഠിച്ചുകൊണ്ടിരിക്കുകയാണ്. ട്രാവൻകൂർ സിമന്റ്സ് അസംസ്കൃത

വസ്തുവായി ഉപയോഗിച്ചിരുന്നത് കക്കയാണ്. നേരത്തേ ആ വ്യവസായശാല വന്നതും പ്രവർത്തിച്ചതും കുട്ടനാട് കായലിലെ കക്കമുഴുവൻ വാരിയെടുത്തുകൊണ്ടാണ്. അതിന് ചെറിയ പ്രൊഡക്ഷൻ കോസ്റ്റേ വരികയുള്ളൂ. ആ കക്ക മുഴുവൻ സംഭരിച്ചാണ് വൈറ്റ് സിമന്റ് ഉല്പാദിപ്പിച്ചിരുന്നത്. ഇപ്പോൾ കുട്ടനാട് കായൽപ്പാടങ്ങളിലൊന്നും കക്കയില്ല. കക്ക വാരുന്നതിന് കേരള ഗവൺമെന്റ് എതിരല്ല. കക്കയില്ലാത്തതിനാൽ ഇപ്പോൾ വാരാൻ നിർവ്വാഹമില്ല എന്നാണ് ഞങ്ങൾക്ക് ലഭിച്ച റിപ്പോർട്ട്. അതുകൊണ്ട് ഇറക്കുമതിചെയ്യുന്ന ക്ലിങ്കർ ഉപയോഗിച്ചാണ് അതായത് ഒരുതരം ചുണ്ണാമ്പുകല്ല് ഉപയോഗിച്ചിട്ടാണ് ഇപ്പോൾ സിമന്റ് ഉല്പാദിപ്പിക്കുന്നത്. ആ ക്ലിങ്കർ ഇറക്കുമതിചെയ്ത് ഉണ്ടാക്കുന്ന പ്രോഡക്ടിന് (വൈറ്റ് സിമന്റിന്) മാർക്കറ്റ് താരതമ്യേന കുറവാണ്. അതുകൊണ്ട് ഗ്രേ സിമന്റിലേയ്ക്ക് പോകണോ? റാമെറ്റീരിയൽ വലിയ വിലയ്ക്ക് ഇറക്കുമതിചെയ്ത് ആ സ്ഥാപനം ഇപ്പോൾ വലിയ നഷ്ടത്തിലാണ്. അതിൽനിന്ന് ആ സ്ഥാപനത്തെ കരകയറ്റിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തീർച്ചയായും ഇതുസംബന്ധിച്ച് പഠിച്ച് തയ്യാറാക്കിയ ഒരു റിപ്പോർട്ടുതന്നെ വ്യവസായ വകുപ്പിന്റെ കൈവശമുണ്ട്.

## സുരക്ഷ നിധി പദ്ധതി

*183 ശ്രീ. കെ. സി. ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്കുള്ള സുരക്ഷയ്ക്കായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിവരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) ഉണ്ട്. കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം 2012 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുക, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നരലക്ഷം രൂപ വരെ ഗ്യാരണ്ടി നൽകുക, നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) റിസർവ് ബാങ്കിന്റെ പരിധിയിൽ വരാത്തതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്കുകൂടി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തി, ഈ മേഖലയിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നതിനും ഈ മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപരംഗത്ത് സഹകരണ മേഖലയിലുണ്ടായ വളർച്ച സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവരെ 2259 സംഘങ്ങളെ/ ബാങ്കുകളെ സഹകരണ സംഘം രജിസ്ട്രാർ പ്രസ്തുത സ്കീമിൽ നോട്ടിഫൈ ചെയ്യുകയും, 30-05-2016 വരെ

പ്രീമിയം ഇനത്തിൽ ആകെ 76.58 കോടി രൂപ കോർപ്പസ് ഫണ്ടിലേയ്ക്ക് സമാഹരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞതുപോലെ 2259 സംഘങ്ങളാണ് ഇപ്പോൾ സ്കീമിലുള്ളത്. കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളേയും ഈ സ്കീമിൽ ഉൾപ്പെടുത്താൻ കഴിയുമോ; അതുപോലെ ഇപ്പോൾ പരിധി നിശ്ചയിച്ചിരിക്കുന്നത് ഒന്നരലക്ഷം രൂപയാണ്. അത് ചെറിയ സംഖ്യയാണ്. നിക്ഷേപസമാഹരണത്തിന് കേരളത്തിലുള്ള സാധ്യത പ്രയോജനപ്പെടുത്താൻവേണ്ടി ആ പരിധി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നിക്ഷേപം സ്വീകരിക്കുന്ന കുറേയേറെ സംഘങ്ങൾകൂടി ഇതിന്റെ പരിധിയിൽ വരാനുണ്ട്. അതിനുവേണ്ടിയുള്ള പരിശ്രമത്തിനുവേണ്ടി തീരുമാനങ്ങളെടുത്തുകൊണ്ടിരിക്കുകയാണ്. പരിധി വർദ്ധിപ്പിക്കുന്ന കാര്യവും വളരെ പ്രധാനപ്പെട്ടതാണ്. കുറെയേറെ സംഘങ്ങൾ സമീപ ദിവസങ്ങളിൽത്തന്നെ, നിക്ഷേപകർക്ക് നിക്ഷേപം നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള കെടുകാര്യസ്ഥതയും അഴിമതിയുടെ ഭാഗമായിട്ടുള്ള ചില പ്രശ്നങ്ങളും റിപ്പോർട്ടുചെയ്തുവരുന്നുണ്ട്. സഹകരണമന്ത്രിയെന്ന നിലയ്ക്ക്

എനിക്കും മുഖ്യമന്ത്രിയുടെ അടുത്തും ഇത്തരം പരാതികൾ ധാരാളം എത്തുകയാണ്. ഇക്കാര്യത്തിൽ അനുയോജ്യമായ എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ റിസർവ് ബാങ്കിന്റെ പരിധിയിൽ വരാത്തതും സഹകരണ സംഘം രജിസ്ട്രാറുടെ പരിധിയിലുള്ളതുമായ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു നോൺ ബാങ്കിംഗ് ഏജൻസി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെ വാർത്ത വായിക്കാനിടയായി. അത് ശരിയാണോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റിന്റെ ഭാഗമായും അതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതാണ്. കേരള ബാങ്ക് രൂപീകരണം ഒരു ദ്വിതല സംവിധാനമായി സംസ്ഥാനത്തെ ബാങ്കിംഗ് രംഗത്തെ നിക്ഷേപങ്ങളും വായ്പകളും വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ കൊണ്ടുവരാനാണ് എൽ.ഡി.എഫിന്റെ കാഴ്ചപ്പാട്. അത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു സമിതിയെവച്ച് പരിശോധന നടത്തി

ആവശ്യമായ ചർച്ചകൾക്ക് ശേഷമായിരിക്കും ചെയ്യുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 2259 സംഘങ്ങളെയാണ് ഇതിൽ ചേർത്തിട്ടുള്ളത്. നിക്ഷേപ സമാഹരണത്തിന്റെ ഒരു കാലഘട്ടത്തിൽ മാത്രമായി കേരളത്തിൽ ഒരുലക്ഷം കോടി രൂപയോടടുത്തുള്ള നിക്ഷേപം നമുക്ക് കിട്ടുന്നതായിട്ടാണ് കണക്കുകളിൽനിന്ന് മനസ്സിലാകുന്നത്. ഇവിടെ നമ്മൾ പ്രീമിയമായി കൊടുത്തത് 76.58 കോടി രൂപയാണെന്ന് പറയുമ്പോൾ ആ വ്യാപ്തിയുടെ ഒരു ചെറിയ ഭാഗത്തിന്റെ അംശത്തിൽപ്പോലും ഈ സ്കീം എത്തുന്നില്ല എന്നത് ഒരു പരമാർത്ഥമാണ്. അത് വിപുലപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുകയും അതോടൊപ്പം നമ്മുടെ സഹകരണ പ്രസ്ഥാനത്തിൽ, ഇപ്പോൾ അവിടെനിന്ന് വായ്പയെടുത്തിട്ടുള്ള ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമത്തെക്കുറിച്ചുകൂടി പ്രത്യേകമായി പരിഗണിക്കുകയും അവർ എടുത്തിരിക്കുന്ന വായ്പ തുക തിരിച്ചുവാങ്ങുന്നതിനുംവേണ്ടിയുള്ള തീവ്രമായ ശ്രമം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് വരുമ്പോൾ പാവങ്ങളായ ആളുകൾക്ക് ഈ തുക തിരിച്ചടയ്ക്കാൻ പറ്റാത്ത സ്ഥിതിയുണ്ടാകും. താലക്കാലികമായി ഒരു

ആശ്വാസം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സഹകരണ ബാങ്കുകളെ, ഈ സ്കീമിന്റെ പരിധിയിൽ ഇനിയും നിക്ഷേപം സ്വീകരിക്കുന്ന സംഘങ്ങളെ കൊണ്ടുവരണമെന്നുള്ള കാര്യത്തിന് ഞാൻ മറുപടി സൂചിപ്പിക്കുകയുണ്ടായി. സഹകരണ മേഖലയിൽ വായ്പയെടുത്തിട്ടുള്ള നിരവധി ആളുകൾ രോഗങ്ങളും മറ്റുംകൊണ്ട് തുക തിരിച്ചടയ്ക്കാനാവാതെ ബുദ്ധിമുട്ട് നല്ലതുപോലെ അനുഭവിക്കുന്നുണ്ട്. പക്ഷേ സഹകരണ മേഖലയിലെ വായ്പകൾക്ക് നമുക്ക് ആർക്കെങ്കിലും പ്രത്യേകം തീരുമാനമെടുത്ത് ഇളവുചെയ്തുകൊടുക്കാൻ കഴിയുകയില്ല. അത്തരം വായ്പകളുമായി ബന്ധപ്പെട്ട കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തണം. അർഹതപ്പെട്ട കേസുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ആശ്വാസ് പദ്ധതിയും രോഗം വന്ന് മരിച്ചുപോയാലുള്ള റിസ്ക് ഫണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങളുമുണ്ട്. സഹകരണ മേഖലയിൽനിന്നും മറ്റ് ബാങ്കുകളിൽനിന്നും വായ്പയെടുത്തിട്ടുള്ള ധാരാളം ആളുകൾ ഇതിന്റെ പ്രയാസം അനുഭവിക്കുന്നുണ്ട് എന്നുള്ള കാര്യം ഒരു വസ്തുതയാണ്. ആ പ്രശ്നം ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട് എന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ: സർ, റിസർവ് ബാങ്കിന്റെ പരിധിയിൽ വരാത്ത കേരളത്തിലെ സഹകരണ സംഘങ്ങൾ പ്രാദേശികമായ ജനങ്ങളുടെ കൂട്ടായ്മകളാണ്. അവരുടെ വീട്ടുമുറ്റത്തെ ബാങ്കാണ്. ഈ ബാങ്കുകളെ മുഴുവൻ ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രസിദ്ധമായ ചില ബ്ലേഡ് കമ്പനികളുടെ സ്വഭാവത്തിലുള്ള നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികൾ എന്നുള്ള തരത്തിലേയ്ക്ക് തരംതാഴ്ത്തുന്നത് ഈ സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള നിക്ഷേപകരുടെ സുരക്ഷയ്ക്ക് ഭീഷണിയല്ലേ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഏതെങ്കിലും ബ്ലേഡ് കമ്പനികളുടെ നിലവാരത്തിലേയ്ക്ക് കേരളത്തിലെ സഹകരണ ബാങ്കുകളെ ഇന്നുള്ള ജനാധിപത്യ സ്വഭാവം നശിപ്പിച്ചുകൊണ്ട് ചെയ്യണം എന്നുള്ള രീതിയിൽ ഇതിന്റെ ആലോചനകൾ പോയിട്ടില്ല. ഈ സഭയ്ക്കുതന്നെ ചർച്ച ചെയ്യാവുന്ന രീതിയിൽ അതിന്റെ റിപ്പോർട്ട് വരുമ്പോൾ, സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ, ഇന്ന് സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന ഫണ്ട് കേരളത്തിന്റെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുന്ന ഒരു വാതായനം തുറന്ന് കിട്ടുന്ന ഒന്നായിരിക്കും ഈ സംരംഭമെന്നാണ് കരുതുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അങ്ങേയറ്റം തെറ്റിദ്ധാരണ പരത്താനുതകുന്ന ഒരു പ്രസ്താവനയാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വിപുലീകരണമാണ് ഇവിടെ വരാൻപോകുന്നത്. ദ്വിതല സംവിധാനമെന്ന് പറയുമ്പോൾ ഇന്നത്തെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ജില്ലാ ബാങ്കുകളുംകൂടി സംയോജിച്ചുകൊണ്ടുള്ള ഒരു വിപുലമായ ബാങ്കാണ്. പ്രത്യേകിച്ച് എസ്.ബി.ടി. നമ്മൾ എല്ലാവരും അതീവ ഉത്ക്കണ്ഠയോടെ കാണുന്ന ഒരു കാര്യമാണ്. നമ്മുടെ ഉത്കണ്ഠ അംഗീകരിക്കാൻ തയ്യാറാകാതെ അതിന്റെ ലയനം പ്രാവർത്തികമാക്കാനാണ് പോകുന്നതെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റേതായ ഒരു ബാങ്ക് ഇല്ലാതാവുകയാണ് ചെയ്യുന്നത്. അത്തരമൊരു സാഹചര്യത്തിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വിപുലീകരണം അനന്തമായ സാധ്യതകളാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കുക. അങ്ങ് പറഞ്ഞരീതിയിലുള്ള ഒരു നോൺ-ബാങ്കിംഗ് സ്ഥാപനമേയല്ല സർക്കാർ ഉദ്ദേശിക്കുന്നത്. അങ്ങനെയെന്തെങ്കിലും തെറ്റിദ്ധാരണ ഉണ്ടെങ്കിൽ അത് മാറ്റാൻകൂടിയാണ് ഞാൻ സംസാരിക്കുന്നത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇന്നൊരു ബാങ്കിംഗ് സ്ഥാപനമായി

പ്രവർത്തിക്കുകയാണ്. അതിന്റെ കൂടുതൽ വിപുലീകരണമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)